"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - OA 854/2019 നമ്പർ കേസിലെ ഹർജിക്കാർക്ക് താൽക്കാലിക നിയമനം നൽകുന്നത് സംബന്ധിച്ചുള്ള സാദ്ധ്യതകൾ പരിശോധിച്ച് തീരുമാനം കൈക്കൊള്ളുവാൻ പത്തനംതിട്ട ജില്ലാ പഞ്ചായത്തിനോട് നിർദേശിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.288/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 02/02/2021

---

പരാമർശം:- 1 ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 19.12.2019 ലെ OA 854/2019 നം. ഉത്തരവ്

2 പത്തനംതിട്ട ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 09.11.2020 ബി3- 1949/2020 നം. കത്ത്.

<u>ഉത്തരവ്</u>

ശ്രീ. ജോയ് എം. എസും മറ്റുള്ളവരും ചേർന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്തിരുന്ന OA 854/2019 നമ്പർ ഹർജിയിലെ പരാമർ ശം (1) ഉത്തരവിൽ താഴെ പറയും പ്രകാരം നിർദേശിച്ചിരുന്നു.

" ........ The Original Application is disposed of with a direction to the first respondent to pass appropriate orders on the request of the applicants, after giving them a hearing, within a period of three months from the date of receipt of a certified copy of this order."

പരാതിക്കാർ ഒന്നാം കക്ഷിയായ സർക്കാരിന് സമർപ്പിച്ച നിവേദനത്തിൽ ചുവടെ പറയുന്ന കാര്യങ്ങളാണ് പ്രതിപാദിച്ചിരിക്കുന്നത് . പത്തനംതിട്ട ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം) ഓർഡർ നമ്പർ A-4488/2002/DMO കീഴിലുള്ള തെള്ളിയൂർ പി . എച്ച് . സി . യിൽ 2002 ആഗസ്റ്റ് മുതൽ 2012 സെപ്റ്റംബർ വരെ ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് - II ആയി (ദിവസ വേതനാടിസ്ഥാനത്തിൽ 100 രൂപ ക്രമത്തിൽ) തങ്ങൾ ജോലി ചെയ്തിരുന്നെന്നും എന്നാൽ 2012 സെപ്റ്റംബർ മാസത്തിൽ തങ്ങളെ പിരിച്ചു വിട്ടെന്നും പിന്നീട് പല പ്രാവശ്യം ബഹു. ഹൈക്കോടതിയെയും തുടർന്ന് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെയും സമീപിച്ച് ഉത്തരവുകൾ നേടിയിട്ടും ജോലി നൽകിയില്ലെന്നും ഓവർ ഏയ്ജ് ആകയാൽ ഇനി മറ്റു ജോലികൾക്ക് അവസരമില്ലെന്നും ആകയാൽ ജീവിക്കാൻ മറ്റ് മാർഗമില്ലാത്തതുകൊണ്ട് ഈ ജോലി നൽകണമെന്നും അപേക്ഷിച്ചു .

പത്തനംതിട്ട ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പരാമർശം (2) ലെ റിപ്പോർട്ടിൽ താഴ പറയും

പ്ര കാരം അറിയിച്ച

1. ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ശ്രീ . ജോയി . എം . എസ് മുതൽ പേർ സമർപ്പിച്ച ഒ. എ 854/19 നമ്പർ ഹർജിയിൽ 19.12.2019 തീയതിയിൽ വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ളതാണെങ്കിലും മേൽ ഹർജി സംബന്ധിച്ച് ടി ഓഫീസിൽ നോട്ടീസ് ലഭിച്ചിട്ടില്ലാത്തതാകുന്നു .

2. പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസിന്റെ പരിധിയിലുള്ള വിവിധ ഹെൽത്ത് സെന്ററുകളിലേക്കും, പി. എച്ച്. സി. യിലേക്കും താൽക്കാലിക ഒഴിവുകളിൽ ഹർജി കക്ഷികളെ ദിവസവേതനാടിസ്ഥാനത്തിൽ പത്തനംതിട്ട ചീഫ് മെഡിക്കൽ ഓഫീസർ താൽക്കാലിക നിയമനം നടത്തിയിട്ടുള്ളതാകുന്നു .

3. ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും സ്ഥിരനിയമനം നൽകപ്പെട്ടവർ ജോലിയിൽ പ്രവേശിച്ച ഘട്ടത്തിൽ ഇപ്രകാരം താൽക്കാലിക നിയമനത്തിൽ ജോലി ചെയ്തിരുന്ന ഹർജിക്കാരെ പിരിച്ചുവിട്ടിട്ടുള്ളതാകുന്നു .

4. പി. എസ്. സി ലിസ്റ്റിൽ നിന്നോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യപ്പെട്ട ലിസ്റ്റിൽ നിന്നോ മാത്രമാണ് നിലവിൽ ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും നിയമനങ്ങൾ നൽകി വരുന്നത് .

5. മേൽ വിഷയം സംബന്ധിച്ച് ശ്രീ. ജോയി എം. എസ്, മുണ്ടൻ കൊട്ടുപ്പേൽ എന്ന വ്യക്തി ജില്ലാ പഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷ അനന്തര നടപടികൾക്കായി 05.10.2020 ൽ ജില്ലാ മെഡിക്കൽ ഓഫീസർക്ക് കൈമാറിയിട്ടുള്ളതാണ് .

6. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള ഹെൽത്ത് സെന്ററുകളിൽ ഉണ്ടാകുന്ന താൽക്കാലിക ഒഴിവുകൾ നികത്തുന്നത് അതാത് തദ്ദേശ സ്ഥാപനങ്ങളുടെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികളാണ്. ആയതിനാൽ താൽക്കാലിക ഒഴിവുകളിൽ നിയമനം കിട്ടുന്നതിന് ഹർജിക്കാർക്ക് ബന്ധപ്പെട്ട തദ്ദേശസ്ഥാപനത്തിന്റെ പരിധിയിൽപ്പെടുന്ന ആശുപത്രി ഓഫീസറെയോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയോ സമീപിക്കാവുന്നതാണ് എന്ന വിവരം ഹർജിക്കാരനെ കത്തിലൂടെ ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുള്ളതാണ് .

7. ജില്ലാ പഞ്ചായത്ത് സെക്രട്ടറി സി. എച്ച്. സി, ജില്ലാ ആശുപത്രി എന്നിവിടങ്ങളിലേക്ക് നിയമനം നടത്തുന്നതിന് അധികാരപ്പെട്ട ഉദ്യോഗസ്ഥനല്ല.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (1) ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരെ നേരിൽ കേട്ടപ്പോൾ താഴെ പറയുന്ന പ്രകാരം അറിയിക്കുകയുണ്ടായി.

പത്തനംതിട്ട ജില്ലയിൽ വിവിധ ഗവൺമെന്റ് ആശുപത്രികളിൽ ജില്ലാ മെഡിക്കൽ ആഫീസിലെ ഓർഡർ നമ്പർ പ്രകാരം A-4488/2002/DMO ദിവസവേതന അടിസ്ഥാനത്തിൽ 100/- രൂപ ( നൂറ് രൂപ

) ക്രമത്തിൽ മാസത്തിൽ 2,600/- രൂപയ്ക്ക് ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് - 2 ആയി (ശുചിമുറി, തറ, പരിസരശുചീകരണം ) എന്നിവ ചെയ്യാനായി 2002 ആഗസ്റ്റ് മാസത്തിലാണ് ഹർജിക്കാരെ നിയമിച്ചത്. നിയമനം നടത്തിയപ്പോൾ 70 പേരുണ്ടായിരുന്നെന്നും 2006 മെയ് മാസത്തിൽ ഇവരെ പിരിച്ചുവിടാനുള്ള ഓർഡർ വന്നപ്പോഴാണ് 40 പേർ ചേർന്ന് പ്രസ്തുത ഉത്തരവിനെതിരെ ബഹു. കേരള ഹൈക്കോടതിയിൽ നിന്നും അനുമതി വാങ്ങി ജോലിയിൽ തുടർന്നതെന്നും എന്നാൽ 2000 ആഗസ്റ്റ് മുതൽ 2012 സെപ്ററംബർ മാസം വരെ തങ്ങൾ 15 പേരുണ്ടായിരുന്നെന്നും 2012 ഏപ്രിൽ മെയ് മാസങ്ങളിൽ ബാക്കി ഉള്ളവരെ ഡി . എം . ഒ പിരിച്ചു വിട്ടുവെന്നും പിന്നീട് 2012 ജൂൺ മാസത്തിൽ മഴക്കാല രോഗ നിവാരണത്തിന്റെ പേരിൽ ഇവരെ തിരികെ എടുത്തുവെന്നും അവർ ഇപ്പോൾ HMC എന്ന പേരിൽ ജോലിയിൽ തുടരുന്നുവെന്നും 2012 ജൂലൈ മാസത്തിൽ ആദ്യദിനം തന്നെ തങ്ങൾ ബഹു. മുഖ്യമന്ത്രിയ്ക്കും ആരോഗ്യ മന്ത്രിയ്ക്കും അപേക്ഷ കൊടുക്കുകയും തുടർന്ന് അപേക്ഷ കൊടുത്തിട്ടുള്ള 15 പേരെ ജോലിയിൽ നിന്നും പിരിച്ചു വിടരുതെന്ന് ബഹു. മുഖ്യമന്ത്രിയും ബഹു. ആരോഗ്യ മന്ത്രിയും ഡി. എച്ച്. എസ് നെ അറിയിച്ചിരുന്നെന്നും എന്നാൽ ഫയൽ പൂഴ്ത്തി വെച്ചിട്ട് ഡി. എം. ഒ ഒരറിയിപ്പും നൽകാതെ 26.09.2012 ൽ തങ്ങളെ ജോലിയിൽ നിന്ന് പിരിച്ചു വിടുകയാണുണ്ടായതെന്നും അപേക്ഷകർ അറിയിച്ചു. പിന്നീട് 2001-2014 ൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ കേസ് ഫയൽ ചെയ്തുവെങ്കിലും അവിടെയും തങ്ങൾക്ക് അനുകൂലമായ വിധി ഉണ്ടായില്ലെന്നും തുടർന്ന് ബഹു. കേരള ഹൈക്കോടതിയിൽ 02.07.2014 ൽ കേസ് ഫയൽ ചെയ്യുകയുമാണുണ്ടായത്. ബഹു. കേരള ഹൈക്കോടതിയുടെ 15.07.2014 ലെ വിധിയിൽ 2014 സെപ്റ്റംബർ 30 ന ശേഷം ദിവസവേതന അടിസ്ഥാനത്തിൽ ജോലിക്കാരെ നിയമിക്കുന്നുണ്ടെങ്കിൽ ഇവരെയും ഉൾപ്പെടുത്തണമെന്ന് ഉത്തരവുണ്ടാകുകയും എന്നാൽ ഇനി ദിവസവേതനക്കാരെ നിയമിക്കുന്നില്ലെന്നും മഴക്കാല രോഗ നിവാരണത്തിനു നിയമിച്ചവർക്ക് 2014 സെപ്റ്റംബർ കൊണ്ട് സമയം അവസാനിച്ചതാണെന്നും എന്നാൽ 2016 വരെ അത് നീട്ടിക്കൊടുത്തിട്ടുണ്ടെന്നുമാണ് പത്തനംതിട്ട ഡി. എം. ഒ അറിയിച്ചതെന്നും എന്നാൽ 2015 ഡിസംബർ 8 - ാം തീയതി ബഹു. ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് ഉത്തരവ് വന്നത് ദിവസവേതനക്കാരെ നിയമിക്കുകയാണെങ്കിൽ തങ്ങളെ നിയമിക്കണമെന്നാണെന്നും അതത് എച്ച്. എം. സിയാണ് ഹോസ്പിറ്റൽ അറ്റന്റർ ഗ്രേഡ് 2-നെ നിയമിക്കുന്നതെന്നും ആയതുമൂലം തങ്ങളെ പരിഗണിച്ചില്ലെന്നും പിന്നീട് 21.06.2017 ൽ ആരോഗ്യ വകുപ്പ് സെക്രട്ടറിയ്ക്ക് കൊടുത്ത അപേക്ഷയിന്മേൽ തങ്ങളെ നിയമിക്കാൻ ആരോഗ്യ വകുപ്പ് സെക്രട്ടറി ഉത്തരവിട്ടെന്നും പക്ഷെ ഡി. എം. ഒ നിയമിച്ചില്ലെന്നും ഇവർ ആരോപിച്ചു. 2017 ജൂലൈ 28 ന് ബഹു . കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സിറ്റിംഗ് ക്യാമ്പ് എറണാകുളം ബഹു. ഹൈക്കോടതിയിൽ നിന്നും വന്ന വിധി ഡി. എം. ഒ യ്ക്കോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ തങ്ങളെ എടുക്കണമെന്നും പല ആശുപത്രികളിലും ഹോസ്പിറ്റൽ അറ്റൻഡറുടെ ഒഴിവുകൾ രേഖാമൂലം ഡി. എം. ഒയെ അറിയിച്ചിട്ടും ബഹു.

ജലസേചന വകുപ്പ മന്ത്രിക്കും ആരോഗ്യ വകുപ്പ മന്ത്രിക്കും അപേക്ഷകൾ കൊടുത്തിട്ടും ഒരു നടപടിയും ഉണ്ടായില്ലെന്നും ഇവർ പരാതിപ്പെടുന്നു. തിരുവനന്തപുരം പേരൂർക്കട മാനസികാരോഗ്യകേന്ദ്രത്തിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്ത 1 2 6 പേരെയും പത്തനംതിട്ട ഡി എം ഒ യിൽ താൽക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ രണ്ടാം ഗ്രേഡ് ഡ്രൈവറായി ജോലി ചെയ്തിരുന്ന 13 പേരെയും ഒരു അറ്റൻഡറെയും സർക്കാർ സ്ഥിരപ്പെടുത്തിയെന്നും ഇവർ പ്രസ്താവിക്കുന്നു. 2019 ഫെബ്രുവരി 9 ാം തീയതി വന്ന ഉത്തരവ് പ്രകാരം പത്തനംതിട്ട ജില്ലയിൽ 1 7 പേരെ താൽക്കാലികമായി നിയമിച്ചിട്ടുണ്ടെന്നും അതിൽ തങ്ങളെ ഒഴിവാക്കിയെന്നും ആയതിനാലാണ് വീണ്ടും ബഹു. ട്രൈബ്യൂണലിനെ സമീപിച്ച് 854/19 ഉത്തരവ് സമ്പാദിച്ചെന്നും ഇവർ പറയുന്നു. ഇനി ഒരു തൊഴിലിന് അപേക്ഷിക്കുവാൻ പ്രായം കഴിഞ്ഞെന്നും അതുകൊണ്ട് ഈ തൊഴിൽ തന്ന് സംരക്ഷിക്കണമെന്നുമാണ് ഹർജിക്കാരുടെ അപേക്ഷ.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഹർജിക്കാർക്ക് നിലവിലെ ബഹു. സുപ്രീം കോടതിയുടെ Umadevi Vs State of Karnataka യിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സ്ഥിര നിയമനം അനുവദനീയമല്ല. ആശുപത്രികളിലെ സ്ഥിരനിയമനം നടത്തുന്നതിനുള്ള അധികാരം ആരോഗ്യ വകുപ്പിന്റേതാണെങ്കിലും പഞ്ചായത്തുകളിലെ ആശുപത്രികളിലെ താൽക്കാലിക നിയമനങ്ങൾ അതാത് പഞ്ചായത്തുകളുടെ അധികാരപരിധിയിൽ ആണ്. ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട് അനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള ഹെൽത്ത് സെന്ററുകളിൽ ഉണ്ടാകുന്ന താൽക്കാലിക ഒഴിവുകൾ നികത്തുന്നത് അതാത് തദ്ദേശ സ്ഥാപനങ്ങളുടെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികളാണ്. ആയതിനാൽ താൽക്കാലിക ഒഴിവുകളിൽ നിയമനം കിട്ടുന്നതിന് ഹർജിക്കാർക്ക് ബന്ധപ്പെട്ട തദ്ദേശസ്ഥാപനത്തിന്റെ പരിധിയിൽപ്പെടുന്ന ആശുപത്രി ഓഫീസറെയോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയോ സമീപിക്കാവുന്നതാണ്. ഹർജിക്കാർ ആശുപത്രി / പി. എച്ച്. സി കളിൽ ദിവസവേതന അടിസ്ഥാനത്തിൽ ദീർഘനാൾ ജോലി ചെയ്തിട്ട് പിരിച്ചുവിടപ്പെട്ടവരാകയാൽ താൽക്കാലിക ഒഴിവുകളിൽ നിയമിക്കപ്പെടാൻ അർഹരാണെന്ന് കാണുന്നു.

മേൽ സാഹചര്യത്തിൽ ഹർജിക്കാർക്ക് താൽക്കാലിക നിയമനം നൽകുന്നത് സംബന്ധിച്ചുള്ള സാദ്ധ്യതകൾ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുവാൻ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയ്ക്ക് നിർദ്ദേശം നൽകുവാൻ പത്തനംതിട്ട ജില്ലാ പഞ്ചായത്തിനോട് നിർദേശം നൽകി ഉത്തരവാകുന്നു.

പരാമർശം (1) ലെ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ലീന എ**

**ഡെപ്യൂട്ടിസെക്രട്ടറി**

ശ്രീ. ജോയ്. എം.എസ്, മുണ്ടൻകൊട്ടപ്പേൽ വീട്, വെള്ളയിൽ. പി.ഒ, തിരുവല്ല, പത്തനംതിട്ട -689645

ശ്രീമതി. ഷീജ. എം.എസ്, പുതുവിള ഹൗസ്, കാരിക്കയം. പി.ഒ, കൊട്ടമുടി, ചിറ്റാർ, പത്തനംതിട്ട - 689663

ശ്രീമതി. ശോഭന സുരേന്ദ്രൻ, പൊയ്കയിൽ ഹൗസ്, വല്ലംകുവം. പി.ഒ, തിരുവല്ല, പത്തനംതിട്ട - 689547

ശ്രീമതി. സീനത്ത് ബീവി. കെ.എസ്, താന്നിക്കൽ ഹൗസ്, കൊറ്റങ്ങൽ പി.ഒ,പത്തനംതിട്ട - 689547

ശ്രീ. കെ.എൻ. സുരേഷ്, കുളക്കോട്ടുമറിയിൽ, കൊറ്റങ്ങൽ പി.ഒ, മല്ലപ്പള്ളി , പത്തനംതിട്ട - 689584

ശ്രീ. രഘുരാജൻനായർ എം.എസ്, ശാസ്തവിലാസം, കല്ലറകടവ്, പത്തനംതിട്ട - 689501

അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, പത്തനംതിട്ട

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട ജില്ല.

ജില്ലാ മെഡിക്കൽ ഓഫീസർ, പത്തനംതിട്ട

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സി. ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/11/2020-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ